**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2529** **07-07-2022 - ൽ മറുപടിയ്ക്ക്**

**അടിവാരം സബ്സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | താമരശ്ശേരി അടിവാരത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന സബ്സ്റ്റേഷന്റെ ഭൂമിയേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | അടിവാരം 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് 02.12.2019-ൽ 11.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി കോഴിക്കോട് ജില്ലയിൽ ഈങ്ങാപ്പുഴ വില്ലേജിൽ 213.5 സെന്റ് സ്ഥലം കണ്ടെത്തുകയും, പ്രസ്തുത ഭൂമി LARR Act, 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഭൂമി ഏറ്റെടുക്കുന്ന തിനാവശ്യമായ രേഖകൾ കെ.എസ്.ഇ.ബി.എൽ., കോഴിക്കോട് ജില്ലാ കളക്ടർക്ക് 14.06.2022-ന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ടി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനാവശ്യമായ ഭൂമി കെ.എസ്.ഇ.ബി.എൽ-ന് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാനാവും. |

സെക്ഷൻ ഓഫീസർ